# ആദിവാസി സംരക്ഷണ നിയമങ്ങൾ



കേരള സാക്ഷരതാ സമിതി

# ആദിവാസി സംരക്ഷണ നിയമങ്ങൾ

# ADIVASI SAMRAKSHANA NIYAMANGAL

(Malayalam)

The Kerala Scheduled Tribes (Restriction on Transfer of Lands and Restriction of Alienated Lands) Act, 1975.

&

The Scheduled Castes and the Scheduled Tribes (Prevention of Atrocities) Act, 1989.

First Edition:June 1993

Published by :
Secretary,
Kerala Saksharatha Samithi
for the Tribal Literacy Programme
Implemented with special central assistance from the Government of India.

# ആദിവാസി സംരക്ഷണ നിയമങ്ങൾ

കേരള സാക്ഷരതാ സമിതി

ആദിവാസി സാക്ഷരതാ പദ്ധതി

തിരുവനന്തപുരം

# ആമുഖം

ഏറ്റവും കൂടുതൽ ജീവിത പ്രശ്നങ്ങളും പരാധീനതകളുമുള്ളവരാണ് ആദിവാസികൾ. വനാന്തരങ്ങളിലെ ജീവിതവും ബാഹ്യലോകത്തുനിന്നുള്ള അകൽച്ചയും അവരെ ഒരു പ്രത്യേക സംസ്കാരത്തിന്േറയും ജീവിത ക്രമത്തിന്േറയും ഉടമകളാക്കി മാറ്റി. ആദിവാസികളെ സാക്ഷരരാക്കുവാനും ജീവിതത്തിന്റെ മുഖ്യധാരയിലെത്തിക്കുവാനും വേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ആദിവാസി സാക്ഷരതാ പദ്ധതി ആവിഷ്കരിച്ചത്.

സർക്കാർ നടത്തുന്ന വിവിധ വികസന പ്രവർത്തനങ്ങൾ മൂലവും, സാക്ഷരതാ പ്രവർത്തനം വഴിയും ആദിവാസികളിൽ ഇന്ന് ഗുണപരമായ മാറ്റങ്ങൾ ധാരാളമുണ്ടായിരിക്കുന്നു. ചുരുങ്ങിയ കാലംകൊണ്ട് ആദിവാസികൾക്കിടയിൽ ഇത്രയേറെ മാറ്റം വരുത്താൻ കഴിഞ്ഞ മറ്റൊരു സംരംഭവുമുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ആദിവാസി മേഖലയിലെ ചൂഷണം ഇപ്പോഴും അതിശക്തമായിത്തന്നെ നിലനില്ക്കുന്നു. ആദിവാസികൾക്കുവേണ്ടി വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ക്രോഡീകരിച്ച് ആദിവാസി ക്ഷേമപദ്ധതികൾ എന്ന കൈപ്പുസ്തകം തയ്യാറാക്കി പഠനകേന്ദ്രങ്ങളിലെത്തിച്ചത് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ വളരെയേറെ സഹായകമായി. ഇത്തരം പ്രവർത്തനങ്ങളിലൂടെ മാത്രമേ അവരെ സാക്ഷരരാക്കുവാനും ചൂഷണമുക്തരാക്കുവാനും സാധിക്കുകയുള്ളൂ.

1975-ലെ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കലും) ആക്ടും, കേരള പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ആക്ട് 1989 സെൻട്രൽ ആക്ട് 33 89-ഉം ഉൾപ്പെടുത്തി കേരള സാക്ഷരതാ സമിതി പ്രസിദ്ധീകരിക്കുന്നതാണ് ആദിവാസി സംരക്ഷണ നിയമങ്ങൾ . ആദിവാസി മേഖലയിൽ വമ്പിച്ച മാറ്റങ്ങളുണ്ടാക്കുവാൻ ഈ കൈപ്പുസ്തകം സഹായകമാകുമെന്നു പ്രതീക്ഷിക്കാം.

തിരുവനന്തപുരം
22.06.1993

കെ.കെ. വിജയകുമാർ
സെക്രട്ടറി
കേരള സാക്ഷരതാ സമിതി

# 1975 - ലെ കേരള പട്ടികവർഗ്ഗക്കാർ (ഭൂമി കൈമാറ്റൽ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചെടുക്കലും) ആക്ട്
## 1975 - ലെ 31-ാം ആക്ട്

## ഉള്ളടക്കം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.

2. നിർവചനങ്ങൾ.

3. ഒഴിവാക്കലുകൾ.

4. കൈമാറ്റ നിയന്ത്രണം.

5. അസാധുവാകുന്ന ചില കൈമാറ്റങ്ങൾ.

6. സ്വത്ത് മടക്കിക്കൊടുക്കൽ.

7. സ്വന്തം നിലയിൽ സർക്കാർ നടപടി.

8. തെളിയിക്കേണ്ട ഭാരം.

9. ആധാരം പതിക്കുന്നതിനുള്ള അസ്വീകാര്യത.

10. സ്ഥാവര വസ്തുക്കൾ ജപ്തി ചെയ്യുന്നതിന് നിരോധനം.

11. തുക കൊടുക്കാനുള്ള ബാദ്ധ്യത.

12. തുക കൊടുക്കുന്നതിന് സർക്കാർ വായ്പ .

13. കുറ്റങ്ങളും ശിക്ഷകളും.

14. കുറ്റകൃത്യങ്ങളുടെ അധികാരസീമ.

15. ക്രിമിനൽ നടപടി നിയമസംഹിതയിലെ പത്താം അദ്ധ്യായം അനുസരിച്ച് പട്ടികവർഗ്ഗക്കാർക്കെതിരെ നടപടിയെടുക്കുന്നതിനുള്ള വിലക്ക്.

16. ആക്ടനുസരിച്ചുള്ള നടപടികളിൽ അഭിഭാഷകർ ഹാജരാകാൻ പാടില്ല.

17. കോംപിറ്റൻറ് അതോറിറ്റിയുടെയും റവന്യൂ ഡിവിഷണൽ ഓഫീസറുടെയും അധികാരങ്ങൾ.

18. തടസ്സങ്ങൾ നീക്കുന്നതിനുള്ള അധികാരം.

19. ഉത്തമ വിശ്വാസത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് സംരക്ഷണം.

20. മറ്റു നിയമങ്ങളെ ഒഴിവാക്കൽ.

21. സിവിൽ കോടതികളുടെ വിചാരണാധികാരത്തിനുള്ള തടസ്സം.

22. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.

# 1975-ലെ കേരള പട്ടികവർഗ്ഗക്കാർ(ഭൂമി കൈമാറ്റൽ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചുകൊടുക്കലും) ആക്ട്

## 1975 - ലെ 31 - ാം ആക്റ്റ്

കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗക്കാരാൽ ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നത് നിയന്ത്രിക്കുന്നതിനും അവരാൽ അന്യാധീനപ്പെടുത്തപ്പെട്ട ഭൂമിയുടെ കൈവശം തിരിച്ചുകൊടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്റ്റ്.

കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരാൽ ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നത് നിയന്ത്രിക്കുന്നതിനും അവരാൽ അന്യാധീനപ്പെടുത്തപ്പെട്ട ഭൂമിയുടെ കൈവശം തിരിച്ചുകൊടുക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ ഇരുപത്തിയാറാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

### 1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും

(1) ഈ ആക്റ്റിന് 1975 - ലെ കേരള പട്ടികവർഗ്ഗക്കാർ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചുകൊടുക്കലും) ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റിൽ പരസ്യംമൂലം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

### 2. നിർവ്വചനങ്ങൾ

ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, -

(1) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ചിടത്തോളം "തക്ക അധികാരസ്ഥൻ" എന്നാൽ പ്രസ്തുത ഭൂമി സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജില്ലാ കളക്റ്റർ എന്നോ അഥവാ ഈ ആക്റ്റിൻെറ ആവശ്യത്തിലേയ്ക്കായി പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന പ്രദേശത്തെ തക്ക അധികാരസ്ഥനായി സർക്കാർ നിയമിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനെന്നോ അർത്ഥമാകുന്നു.

(2) "സ്ഥാവരവസ്തു" എന്നതിൽ ഭൂമിയിൽ നിൽക്കുന്ന വിളകളും വൃക്ഷങ്ങളും ഉൾപ്പെടുന്നതും എന്നാൽ വളരുന്ന പുല്ല് ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(3) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റു പ്രകാരമുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(4) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് "റവന്യൂ ഡിവിഷണൽ ഓഫീസർ " എന്നാൽ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന പ്രദേശത്ത് അധികാരപരിധിയുള്ള റവന്യൂ ഡിവിഷണൽ ഓഫീസർ എന്നോ അഥവാ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന പ്രദേശത്തിൽ ഈ ആക്റ്റു പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ ചുമതലകൾ നിർവ്വഹിക്കാനായി സർക്കാർ നിയമിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥനെന്നോ അർത്ഥമാകുന്നു.

(5) "പട്ടികവർഗ്ഗക്കാർ" എന്നാൽ 1950 - ലെ ഭരണഘടന (പട്ടിക വർഗ്ഗക്കാർ) ഉത്തരവിൽ പറഞ്ഞിട്ടുള്ള സംസ്ഥാനത്തെ സംബന്ധിക്കുന്ന ഏതെങ്കിലും പട്ടികവർഗ്ഗക്കാർ എന്നർത്ഥമാകുന്നു.

(6) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(7) സ്ഥാവരവസ്തുവിനെ സംബന്ധിച്ചിടത്തോളം "കൈമാറ്റം" എന്നാൽ മരണശാസനപ്രകാരമുള്ള കൈമാറ്റമല്ലാതുള്ളതും, കൈവശാവകാശത്തോടുകൂടിയോ അല്ലാതെയോ ഉള്ള പണയമോ, പാട്ടമോ, വിൽപ്പനയോ, ഇഷ്ടദാനമോ, പരസ്പര കൈമാറ്റമോ, മറ്റേതെങ്കിലും വിധത്തിലോ രേഖാമൂലമായതോ വാഗ്മൂലമോ ഉള്ള ഏതെങ്കിലും ഇടപാടുവഴി സ്ഥാവരം ഏൽപ്പിച്ചുകൊടുക്കുന്ന പ്രവൃത്തി എന്നർത്ഥമാകുന്നതും അതിൽ ചാർജ്ജും, വിളപ്പണയവും ഉണ്ടുരുത്തിയും, സ്ഥാവരവ്സതു സംബന്ധിച്ച കരാറും, പ്രതിഫലം കൊടുത്തുകൊണ്ടോ മറ്റുവിധത്തിലോ വിളകളോ ഭൂമിയിൽ നില്ക്കുന്ന വൃക്ഷങ്ങളോ പണയംവയ്ക്കുകയോ ചൂണ്ടിപ്പണയമായി നൽകുകയോ ചെയ്യുന്നതും, സ്വമേധയാ വിട്ടൊഴിയുന്നതും, കൈവെടിയുന്നതും ഉൾപ്പെടുന്നതുമാകുന്നു.

വിശദീകരണം:- ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേയ്ക്കായി, -

(1) "വിളപ്പണയം" എന്നാൽ പ്രതിഫലം നൽകിയോ അല്ലാതെയോ ഉള്ള വിളകളുടെ ചൂണ്ടിപ്പണയം എന്നർത്ഥമാകുന്നു.

(2) "ഉണ്ടുരുത്തി" എന്നാൽ ഒരു നിർദ്ദിഷ്ട കാലത്തേക്ക് ഒരു നിർദ്ദിഷ്ടവിലയ്ക്ക് ഏതെങ്കിലും ഭൂമിയിലുള്ളതോ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതോ ആയ ഫലങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കൽ എന്നർത്ഥമാകുന്നു.

**3. ഒഴിവാക്കലുകൾ**

ഈ ആക്റ്റിലുള്ള യാതൊന്നുംതന്നെ താഴെപ്പറയുന്ന കാര്യങ്ങളിൽ ബാധകമാകുന്നതല്ല:

(1) അഡ്മിനിസ്ട്രേറ്റർ ജനറലോ ഒഫിഷ്യൽ ട്രസ്റ്റിയോ ഒഫിഷ്യൽ റിസീവറോ നൽകിയ ഏതെങ്കിലും സ്ഥലത്തിന്റേയോ കെട്ടിടത്തിന്റെയോ അവ രണ്ടിന്റേയുമോ പാട്ടം; അഥവാ

(2) സർക്കാരിൽ നിന്ന് ഏതെങ്കിലും വായ്പയോ മറ്റു സഹായമോ ലഭിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗത്തിൽപ്പെട്ട ഏതെങ്കിലും അംഗം സർക്കാരിന്റെ പേർക്കു ചെയ്യുന്ന ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ പണയമോ ഈടോ ചൂണ്ടിപ്പണയമോ ; അഥവാ

(3) പട്ടികവർഗ്ഗത്തിലെ ഏതെങ്കിലും അംഗം, 1969 - ലെ കേരള സഹകരണസംഘം ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സഹകരണ സംഘത്തിനോ, അഥവാ കോർപ്പറേഷനോ അഥവാ ദേശസാൽക്കരിക്കപ്പെട്ട ഒരു ബാങ്കിനോ അഥവാ സ്വകാര്യ - ഏജൻസിയോ ഉണ്ടിയൽ വ്യാപാരിയോ അല്ലാത്ത സാമ്പത്തികസഹായം നൽകുന്ന മറ്റേതെങ്കിലും ഏജൻസിക്കോ, പ്രസ്തുത സംഘമോ, കോർപ്പറേഷനോ, ബാങ്കോ മറ്റ് ഏജൻസിയോ നൽകിയ ഏതെങ്കിലും വായ്പയുടെ ജാമ്യമായി നൽകുന്ന ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ പണയമോ ഈടോ ചൂണ്ടിപ്പണയമോ.

**4. കൈമാറ്റങ്ങളിൻമേലുള്ള നിയന്ത്രണം**

മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കരാറിലോ നാട്ടുനടപ്പിലോ മാമൂലിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, വിധിയിലോ ഉത്തരവിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പട്ടികവർഗ്ഗത്തിലെ ഒരംഗം തന്റെ കൈവശത്തിലുള്ളതോ താൻ അനുഭവിച്ചുവന്നതോ തന്റെ ഉടമയിലുള്ളതോ ആയ ഏത ങ്കിലും സ്ഥാവരവസ്തു ; ഈ ആക്ട് നടപ്പായി വരുന്ന സമയത്തോ അതിനുശേഷമോ പട്ടികവർഗ്ഗത്തിലെ അംഗമല്ലാത്ത ഏതെങ്കിലും ആളിന് തക്ക ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള രേഖാമൂലമായ സമ്മതം കൂടാതെ നടത്തുന്ന ഏതൊരു കൈമാറ്റവും അസാധുവായിരിക്കുന്നതാണ്.

**5. ചില കൈമാറ്റങ്ങൾ അസാധുവായിരിക്കുന്നതാണെന്ന്**

തൽക്കാലം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കരാറിലോ നാട്ടുനടപ്പിലോ മാമൂലിലോ അഥവാ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ വിധിയിലോ ഉത്തരവിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പട്ടികവർഗ്ഗത്തിലെ ഒരംഗം തന്റെ കൈശത്തിലുള്ളതോ താൻ അനുഭവിച്ചു വന്നതോ തന്റെ ഉടമയിലുള്ളതോ ആയ ഏതെങ്കിലും സ്ഥാവരവസ്തു; 1960 ജനുവരി 1-ാം തീയതിയിലോ അതിനുശേഷമോ അപ്പോഴും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പും, പട്ടികവർഗ്ഗത്തിലെ അംഗമല്ലാത്ത ഏതെങ്കിലും ആളിന് നടത്തുന്ന ഏതൊരു കൈമാറ്റവും അസാധുവായി കരുതപ്പെടുന്നതാണ്.

**6. വസ്തു തിരിച്ചു കൈമാറ്റം ചെയ്യൽ**

(1) 4-ാം വകുപ്പു പ്രകാരമോ 5-ാം വകുപ്പു പ്രകാരമോ അസാധുവായ ഒരു സ്ഥാവരവസ്തുവിന്റെ കൈമാറ്റം നിമിത്തം പട്ടികവർഗ്ഗത്തിലെ ഒരംഗത്തിന് പ്രസ്തുത വസ്തുവിന്റെ കൈവശമോ അനുഭവമോ നഷ്ടപ്പെട്ടിരിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നപക്ഷം അയാൾക്ക്, അതതു സംഗതി പോലെ, അങ്ങനെയുള്ള വസ്തുവിന്റെ കൈവശമോ അനുഭവമോ തിരിച്ചുകിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) (1) -ാം ഉപവകുപ്പു പ്രകാരം ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ കൈവശമോ അനുഭവമോ തിരിച്ചു കിട്ടുന്നതിന് അർഹതയുള്ള ഏതെങ്കിലും ആൾക്കോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആൾക്കോ റവന്യൂ ഡിവിഷണൽ ആഫീസറുടെ അടുക്കൽ വാക്കുമൂലമോ രേഖാമൂലമോ, ഈ ആക്റ്റ് നടപ്പിൽ വന്ന തീയതി മുതൽ ഒരു വർഷത്തിനകമോ അഥവാ ഗസറ്റിൽ പരസ്യംമൂലം സർക്കാർ നിർദ്ദേശിക്കാവുന്ന കൂടുതൽ സമയത്തിനകമോ, -

(എ) അങ്ങനെയുള്ള കൈമാറ്റം നടത്തിയത് ഈ ആക്റ്റ് നടപ്പിൽ വന്ന തീയതിയിക്കു മുൻപാണെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള വസ്തുവിന്റെ കൈവശമോ അനുഭവമോ തിരിച്ചുകിട്ടുന്നതിനുവേണ്ടിയോ; അഥവാ

(ബി) അങ്ങനെയുള്ള കൈമാറ്റം നടത്തിയത് ഈ ആക്റ്റ് നടപ്പിൽ വന്ന തീയതിയിലോ അതിനുശേഷമോ ആണെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള വസ്തുവിന്റെ കൈവശമോ അനുഭവമോ, തിരിച്ചുകിട്ടുന്നതിനും അങ്ങനെ കൈമാറ്റം വാങ്ങിയ ആളെ പ്രോസിക്യൂട്ടു ചെയ്യുന്നതിനും വേണ്ടി അപേക്ഷ ബോധിപ്പിക്കാവുന്നതാകുന്നു.

(3) (2) - ാം ഉപവകുപ്പു പ്രകാരമുള്ള ഒരപേക്ഷ കിട്ടുമ്പോൾ റവന്യൂ ഡിവിഷണൽ ആഫീസർ പ്രസ്തുത അപേക്ഷയെ സംബന്ധിച്ച ആവശ്യമായ അന്വേഷണങ്ങൾ നടത്തുകയോ നടത്തിക്കുകയോ ചെയ്യേണ്ടതും, അപേക്ഷകനോ അഥവാ ആർക്കുവേണ്ടിയാണോ അപേക്ഷ ബോധിപ്പിച്ചിരിക്കുന്നത് അയാൾക്കോ അതതു സംഗതിപോലെ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സ്ഥാവരവസ്തുവിന്റെ കൈവശമോ അനുഭവോ തിരിച്ചുകിട്ടുന്നതിന് അർഹതയുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്യുകയാണെങ്കിൽ അദ്ദേഹത്തിന് ഉത്തരവുമൂലം, അങ്ങനെയുള്ള വസ്തു ആരുടെ കൈവശത്തിലോ അനുഭവത്തിലോ ആണോ ആ ആളിനോട് ഉത്തരവു നടത്തിയ തീയതിമുതൽ മുപ്പതു ദിവസത്തിനകം അതിന്റെ കൈവശം അപേക്ഷകനോ അഥവാ ആർക്കുവേണ്ടിയാണോ അപേക്ഷ ബോധിപ്പിച്ചത് അയാൾക്കോ കൊടുക്കണമെന്നോ അഥവാ, അതതു സംഗതിപോലെ, അങ്ങനെയുള്ള വസ്തു അയാൾ അനുഭവിക്കുന്നതിന് അനുവദിക്കണമെന്നോ നിർദ്ദേശിക്കാവുന്നതും, അതോടൊപ്പം 11-ാം വകുപ്പു പ്രകാരം കൊടുക്കേണ്ടതായ തുക കാണിച്ചിരിക്കേണ്ടതുമാകുന്നു. എന്നാൽ ഈ ഉപവകുപ്പു പ്രകാരമുള്ള യാതൊരു ത്തരവും, വസ്തു കൈവശം വച്ചിരിക്കുകയോ അനുഭവിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ആളിന് അതുസംബന്ധിച്ച് തനിക്ക് പറയാനുള്ളതു പറയാൻ ന്യായമായ ഒരവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(4) (3) - ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും അത് ആരെ ഉദ്ദേശിച്ചാണോ പുറപ്പെടുവിക്കപ്പെട്ടിരിക്കുന്നത് ആ ആളിന് താഴെപ്പറയും പ്രകാരം നൽകേണ്ടതാണ്.

(എ) പ്രസ്തുത ആളിനെ ഏൽപ്പിക്കുകയോ വച്ചുകാട്ടുകയോ ചെയ്യുക അഥവാ,

(ബി) പ്രസ്തുത ആളിനെ ഏൽപ്പിക്കാനോ വച്ചുകാട്ടാനോ സാധിക്കാത്തപക്ഷം പ്രസ്തുത ആളിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ആ ആളിന്റെ കുടുംബത്തിലെ ഏതെങ്കിലും പ്രായപൂർത്തിയായ അംഗത്തിനെയോ ഏൽപ്പിക്കുകയോ വച്ചുകാട്ടുകയോ അല്ലെങ്കിൽ അതിന്റെ ഒരു പകർപ്പ് പ്രസ്തുത ആൾ അവസാനമായി താമസിച്ചിരുന്നതോ അഥവാ വ്യാപാരം നടത്തി വന്നിരുന്നതോ അഥവാ ലാഭമുണ്ടാക്കാനായി നേരിട്ടു ജോലി ചെയ്തിരുന്നതോ ആയി അറിയപ്പെടുന്നതായ സ്ഥലത്തിന്റെ പുറംവാതിലിൽ എല്ലാവരും കാണത്തക്ക സ്ഥലത്ത് പതിക്കുകയോ ചെയ്യുക; അഥവാ

(സി) ഇതിൽ ഏതെങ്കിലും വിധത്തിൽ നൽകാൻ സാധിച്ചില്ലെങ്കിൽ രജിസ്റ്റർ തപാൽ മുഖേനയോ

(5) (3)-ാം ഉപ വകുപ്പുപ്രകാരമുള്ള റവന്യൂ ഡിവിഷണൽ ആഫീസറുടെ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളും ഉത്തരവു നൽകിയ തീയതി മുതൽ മുപ്പതു ദിവസത്തിനകം തക്ക അധികാരസ്ഥന്റെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിന്മേൽ തക്ക അധികാരസ്ഥന്റെ തീരുമാനം അവസാനത്തേതായിരിക്കുന്നതും യാതൊരു നീതിന്യായ കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

(6) (3) - ാം ഉപവകുപ്പു പ്രകാരമുള്ള ഒരു ഉത്തരവ് അനുസരിച്ചിട്ടില്ലാതിരിക്കുകയും.

(എ) അപ്പീലിന് അനുവദിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഒരു അപ്പീൽ ബോധിപ്പിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുകയോ; അഥവാ

(ബി) അപ്പീൽ ബോധിപ്പിച്ചിരിക്കുകയും അത് തള്ളിക്കളഞ്ഞിരിക്കുകയുമാണെങ്കിൽ റവന്യൂ ഡിവിഷണൽ ആഫീസർ, ഏത് സ്ഥാവരവസ്തുവിനെയാണ് ഉത്തരവ് ബാധിക്കുന്നത് ആ സ്ഥാവരവസ്തു, ആവശ്യമുള്ളപക്ഷം, ആ വസ്തു വിട്ടുകൊടുക്കാൻ വിസമ്മതിക്കുന്ന ഏതൊരാളെയും ഒഴിപ്പിച്ചുകൊണ്ട്, കൈമാറ്റം ചെയ്ത ആളിന്റെ കൈവശത്തിലോ അഥവാ അനുഭവത്തിലോ ആക്കുകയും ചെയ്തുകൊണ്ട് അയാളെ ഏൽപ്പിക്കുവാൻ ഏർപ്പാട് ചെയ്യേണ്ടതാണ്.

## 7. സർക്കാരിന്റെ സ്വമേധയായുള്ള നടപടി

(1) (6) - ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 4-ാം വകുപ്പു പ്രകാരമോ അഥവാ 5-ാം വകുപ്പു പ്രകാരമോ അസാധുവായ ഒരു കൈമാറ്റ പ്രകാരം പട്ടിക വർഗ്ഗത്തിലെ ഏതെങ്കിലും ഒരംഗത്തിന് ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ കൈവശമോ അനുഭവമോ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ആവശ്യമായ

അന്വേഷണത്തിനുശേഷം സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം സർക്കാരിന് സ്വമേധയാ ഉത്തരവു മൂലം ആ സ്ഥാവരവസ്തുവിന്റെ കൈവശമോ അനുഭവമോ ഉള്ള ആളോട്, അതത് സംഗതിപോലെ ആ വസ്തുവിന്റെ കൈവശമോ അനുഭവമോ പ്രസ്തുത അംഗത്തിന് ഏൽപ്പിച്ചുകൊടുക്കാൻ നിർദ്ദേശിക്കാവുന്നതാണ്. എന്നാൽ ഈ ഉപവകുപ്പു പ്രകാരമുള്ള യാതൊരു ഉത്തരവും വസ്തുകൈവശം വച്ചുകൊണ്ടിരിക്കുകയോ അനുഭവിക്കുകയോ ചെയ്യുന്ന ആളിന് അതുസംബന്ധിച്ച് പറയാനുള്ളത് പറയാൻ ന്യായമായ ഒരവസരം നൽകാതെ പുറപ്പിടുവിക്കാൻ പാടില്ലാത്തതാകുന്നു.

(2) (1) - ാം ഉപവകുപ്പു പ്രകാരമുള്ള ഏതൊരു ഉത്തരവും അത് ആരെ ഉദ്ദേശിച്ച് പുറപ്പെടുവിച്ചുവോ ആ ആൾക്ക് 6-ാം വകുപ്പു (4) - ാം ഉപവകുപ്പിൽ പറയുന്ന രീതിയിൽ നൽകേണ്ടതാണ്.

(3) (1) - ാം ഉപവകുപ്പു പ്രകാരമുള്ള ഒരു ഉത്തരവ് അന്തിമമായിരിക്കുമെന്നതും യാതൊരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

8. തെളിവു ഭാരം

ഈ ആക്റ്റ് പ്രകാരം ഉള്ള ഏതെങ്കിലും നടപടികളിലോ 13-ാം വകുപ്പു പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തിന്റെ വിചാരണയിലോ സ്ഥാവരവസ്തുവിന്റെ ഏതെങ്കിലും കൈമാറ്റം സംബന്ധിച്ച നിയമസാധുത ചോദ്യം ചെയ്യപ്പെടുകയാണെങ്കിൽ, നിയമ സാധുതയുടെ തെളിവു ഭാരം, നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അത്തരം കൈമാറ്റം സാധുവായിരുന്നുവെന്ന് തേർച്ച ചെയ്യുന്ന ആളിനായിരിക്കുന്നതാണ്.

9. രജിസ്ട്രേഷന്റെ കാര്യത്തിന് പ്രമാണങ്ങളുടെ അസ്വീകാര്യത

1908-ലെ രജിസ്ട്രേഷൻ ആക്ടിൽ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ് ) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടോ അവയ്ക്കു വിരുദ്ധമായോ നടത്തിയിട്ടുള്ള ഏതെങ്കിലും സ്ഥാവര വസ്തുവിന്റെ യാതൊരു കൈമാറ്റപ്രമാണവും രജിസ്ട്രേഷനുവേണ്ടി സ്വീകാര്യമല്ലാത്തതാകുന്നു.

10. സ്ഥാവരവസ്തുക്കളുടെ ജപ്തി തടയൽ

പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരംഗത്തിനെതിരായി പണം സംബന്ധിച്ചുള്ള ഒരു വിധി നടത്തുന്നതിന്, നിർണ്ണയിക്കപ്പെട്ടിടത്തോളവും നിർണ്ണയിക്കപ്പെട്ട രീതിയിലുമല്ലാതെ ഏതെങ്കിലും സ്ഥാവരവസ്തുവിൽ അയാൾക്കുള്ള അവകാശമോ അവകാശ ബന്ധമോ ജപ്തി ചെയ്യാനോ വിൽക്കാനോ പാടുള്ളതല്ല.

11. തുക നൽകാനുള്ള ബാദ്ധ്യത

(1) തൽക്കാലം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിൽഎന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ കൈവശമോ, അനുഭവമോ, ഈ ആക്റ്റ് പ്രകാരം പട്ടികവർഗ്ഗത്തിലെ ഒരംഗത്തിന് തിരിച്ചു നൽകുമ്പോൾ, പ്രസ്തുത അംഗം കൈമാറ്റം ചെയ്ത് സമയം വാസ്തവത്തിൽ വാങ്ങിയ പ്രതിഫലത്തുകയും, കൈമാറ്റത്തിനുശേഷവും അങ്ങനെ തിരിച്ചുനൽകുന്നതിനുമുമ്പും ചെയ്തിട്ടുള്ള ദേഹണ്ഡം വല്ലതുമുണ്ടെങ്കിൽ അതിനു തക്ക അധികാരസ്ഥൻ നിർണ്ണയിച്ച തുകയും കൂട്ടിയാൽകിട്ടുന്ന തുക അയാൾ അതതു സംഗതിപോലെ, കൈവശമോ, അനുഭവമോ ആരിൽനിന്നാണോ തിരിച്ചു വാങ്ങിയത് അയാൾക്ക്, ഈ ആക്റ്റുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളനുസരിച്ചു നൽകേണ്ടതാണ്.

എന്നാൽ കൈമാറ്റം ഈ ആക്റ്റ് നടപ്പിൽ വന്നപ്പോഴോ അതിനുശേഷമോ ആണ് നടത്തിയിട്ടുള്ളതെങ്കിൽ യാതൊരു തുകയും നൽകേണ്ടതില്ല.

(2) (1) - ാം ഉപവകുപ്പു പ്രകാരം തക്ക അധികാരസ്ഥൻ നിർണ്ണയിച്ച തുക അന്തിമമായിരിക്കുന്നതും യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

(3) (1) - ാം ഉപവകുപ്പു പ്രകാരം നൽകേണ്ടതായ തുക നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ വസൂലാക്കേണ്ടതാണ്.

12. തുക കൊടുക്കുന്നതിനുവേണ്ടി സർക്കാർ വായ്പ നൽകേണ്ടതാണെന്ന്:-

(1) സർക്കാരിന്, 11-ാം വകുപ്പു പ്രകാരം തുക നൽകാൻ ബാദ്ധ്യസ്ഥരായ പട്ടികവർഗ്ഗങ്ങളിലെ അംഗങ്ങൾക്ക് ഈ ആവശ്യത്തിലേക്കായി ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി വായ്പ നൽകാവുന്നതാണ്.

(2) (1) - ാം ഉപവകുപ്പു പ്രകാരം നൽകപ്പെട്ട വായ്പ ഈ ആവശ്യത്തിലേക്കായി ഉണ്ടാക്കാവുന്ന ചട്ടങ്ങളനുസരിച്ച് ഇരുപത് തുല്യ വാർഷിക ഗഡുക്കളായി തിരിച്ചു നൽകേണ്ടതാണ്.

(3) നൽകപ്പെട്ട വായ്പ (2) - ാം ഉപവകുപ്പു പ്രകാരം തിരിച്ചു നൽകുനൽകുന്നതിൽ എന്തെങ്കിലും വീഴ്ച

വരുത്തുന്ന പക്ഷം, വീഴ്ച വരുത്തിയ തുക, കേരള നികുതി വസൂലാക്കൽ ആക്റ്റ് പ്രകാരം ഭൂമിയിൻമേലുള്ള പൊതുനികുതി കുടിശ്ശികയെന്നപോലെ വസൂലാക്കുന്നതാണ്.

**13. കുറ്റങ്ങളും ശിക്ഷകളും**

ഈ ആക്റ്റ് നടപ്പിൽ വരുമ്പോഴോ അതിനുശേഷമോ 4-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ഏതെങ്കിലും സ്ഥാവരവസ്തു കൈമാറ്റം ചെയ്തു വാങ്ങുന്ന ഏതൊരാൾക്കും ഒരു വർഷത്തോളം വരാ കഠിനതടവോ രണ്ടായിരം രൂപയോളം വരാവുന്ന പിഴയോ അഥവാ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകേണ്ടതാണ്.

**14. കുറ്റവിചാരണാധികാരം**

(1) ഈ ആക്റ്റു പ്രകാരം ശിക്ഷാർഹമായ യാതൊരു കുറ്റവും ഒന്നാം ക്ലാസ് മജിസ്ട്രേട്ടു കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യാൻ പാടുള്ളതല്ല.എന്നാൽ ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ വിചാരണ ചെയ്യാൻ സർക്കാരിന് ഒരു സ്പെഷ്യൽ കോടതിയോ ഒന്നിൽ കൂടുതൽ സ്പെഷ്യൽ കോടതികളോ രൂപീകരിക്കാവുന്നതാണ്.

(2) ഈ ആക്റ്റ് നടപ്പിൽ വരുമ്പോഴോ അതിനുശേഷമോ 4-ാം വകുപ്പിനു വിരുദ്ധമായി സ്ഥാവര വസ്തു കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസർ അതതു സംഗതിപോലെ, അധികാരപരിധിയുള്ള മജിസ്ട്രേട്ടു മുമ്പാകെയോ, സ്പെഷ്യൽ കോടതി മുമ്പാകെയോ, ഈ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനായി അന്യായം ബോധിപ്പിക്കേണ്ടതാണ്.

(3) 4-ാം വകുപ്പിനു വിരുദ്ധമായി നടത്തപ്പെട്ട കൈമാറ്റത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കോ അഥവാ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആൾക്കോകൂടി, അതതു സംഗതിപോലെ, അധികാരപരിധിയുള്ള മജിസ്ട്രേട്ടു മുമ്പാകെയോ, സ്പെഷ്യൽ കോടതി മുമ്പാകെയോ, ഈ ആക്റ്റ് പ്രകാരമുള്ള കുറ്റം വിചാരണ ചെയ്യുന്നതിനായി അന്യായം ബോധിപ്പിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

**15. പട്ടികവർഗ്ഗക്കാർക്കെതിരായി ക്രിമിനൽ നടപടി നിയമം 10-ാം അദ്ധ്യായപ്രകാരം നടപടി നടത്തുന്നതിന് തടസ്സം**

പട്ടികവർഗ്ഗത്തിലെ ഒരംഗമാണെന്ന് അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളോ, ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ഏതെങ്കിലും ഭൂമിയുടെ കൈവശമോ, അനുഭവമോ തിരിച്ചു കിട്ടണമെന്ന് റവന്യൂ ഡിവിഷണൽ ആഫീസറുടെ അടുക്കൽ അപേക്ഷ ബോധിപ്പിക്കുന്നപക്ഷമോ, അഥവാ ഏതെങ്കിലും സ്ഥാവരവസ്തുവിൻെറ കൈവശമോ അനുഭവമോ ഏതെങ്കിലും ആൾക്ക് തിരിച്ചു നൽകാൻ 7-ാം വകുപ്പു പ്രകാരം സർക്കാർ സ്വമേധയാ നടപടി എടുക്കുന്നപക്ഷമോ, തൽക്കാലം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അയാളും, പ്രസ്തുത ഭൂമിയുടെ കൈവശമോ അനുഭവമോ ഉള്ള ആളാണെന്ന് തേർച്ചചെയ്യുന്ന മറ്റേതെങ്കിലും ആളും തമ്മിലുള്ള ഏതെങ്കിലും തർക്കം സംബന്ധിച്ച 1973-ലെ ക്രിമിനൽ നടപടി നിയമം (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 10-ാം അദ്ധ്യായപ്രകാരം യാതൊരു മജിസ്ട്രേട്ടിനും അധികാരമുണ്ടായിരിക്കുന്നതല്ല.

**16. ഈ ആക്റ്റു പ്രകാരമുള്ള നടപടികളിൽ അഭിഭാഷകൻ ഹാജരാകാൻ പാടില്ലെന്ന്**

റവന്യൂ ഡിവിഷണൽ ആഫീസറുടെയോ തക്ക അധികാരസ്ഥൻെറയോ സർക്കാരിൻെറയോ മുമ്പാകെയുള്ള ഏതെങ്കിലും നടപടികളിൽ, അതതു സംഗതിപോലെ, പ്രസ്തുത ഉദ്യോഗസ്ഥൻെറയോ, അധികാരസ്ഥൻെറയോ, സർക്കാരിൻെറയോ രേഖാ മൂലമായ അനുവാദത്തോടുകൂടിയല്ലാതെ ഏതെങ്കിലും കക്ഷിക്കുവേണ്ടി യാതൊരു അഭിഭാഷകനും ഹാജരാകുകയോ, വാദിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

**17. തക്ക അധികാരസ്ഥൻേറയും റവന്യൂ ഡിവിഷണൽ ആഫീസറുടേയും അധികാരങ്ങൾ**

(1) ഈ ആക്റ്റ് പ്രകാരമുള്ള അന്വേഷണ വിചാരണ നടത്തുമ്പോൾ തക്ക അധികാരസ്ഥനും, റവന്യൂ ഡിവിഷണൽ ആഫീസർക്കും, 1908-ലെ സിവിൽ നടപടി നിയമ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കുന്നതാണ്, അതായത്.-

(എ) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജരാകാൻ നിർബന്ധിക്കുന്നതിനും അയാളെ സത്യവാചകം ചൊല്ലി വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടുപിടിച്ച് ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നതിനും ;

(സി) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യങ്ങൾക്കും.

(2) തക്ക അധികാരസ്ഥൻെറയും റവന്യൂ ഡിവിഷണൽ ആഫീസറുടേയും ഈ ആക്റ്റ് പ്രകാരമുള്ള തീരുമാനങ്ങൾക്ക് ഒരു സിവിൽ കോടതിയുടെ വിധിക്കുള്ള പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**18. വൈഷമ്യങ്ങൾ നീക്കുവാനുള്ള അധികാരം**

ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുമ്പോൾ എന്തെങ്കിലും വൈഷമ്യങ്ങൾ നേരിടുന്നപക്ഷം സർക്കാരിന്, സന്ദർഭാനുസരണം, ഉത്തരവുമൂലം അപ്രകാരമുള്ള വൈഷമ്യങ്ങൾ നീക്കുന്നതിനാവശ്യമാണെന്ന് അവർ കരുതുന്നതും·ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്തതുമായ എന്തു കാര്യവും ചെയ്യാവുന്നതാണ്.

**19. ഉത്തമവിശ്വാസ്യമായി ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം**

ഈ ആക്റ്റു പ്രകാരമോ അതു പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഉത്തമ വിശ്വാസ്യമായി ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യം സംബന്ധിച്ചും യാതൊരു വ്യവഹാരമോ, ശിക്ഷാ നടപടിയോ മറ്റു നിയമ നടപടിയോ യാതൊരാൾക്കും എതിരായി സ്വീകാര്യമായിരിക്കുന്നതല്ല.

**20. മറ്റു നിയമങ്ങളുടെ ഒഴിവാക്കൽ**

ഈ ആക്റ്റിലെ വ്യവസ്ഥകൾ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരുക്കുന്നിടത്തോളമൊഴികെ, ഈ ആക്റ്റിൽ പറഞ്ഞ ഏതെങ്കിലും കാര്യം നിയന്ത്രിക്കുന്ന തൽക്കാലം നിലവിലുള്ള മറ്റു നിയമങ്ങൾക്കു പുറമേ ആയിരിക്കുന്നതും, അവയ്ക്ക് ഭംഗം വരുത്തുന്ന രീതിയിലായിരിക്കുന്നതല്ലാത്തതുമാകുന്നു.

**21. സിവിൽ കോടതികളുടെ വിചാരണാധികാരത്തിനുള്ള തടസ്സം**

ഈ ആക്റ്റുമൂലമോ ഈ ആക്റ്റു പ്രകാരമോ തക്ക അധികാരസ്ഥനോ റവന്യൂ ഡിവിഷണൽ ആഫീസറോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ , ആയ ഏതെങ്കിലും പ്രശ്നമോ, നിർണ്ണയിക്കേണ്ടതായ ഏതെങ്കിലും കാര്യമോ തീർപ്പാക്കുന്നതിനോ, തീരുമാനിക്കുന്നതിനോ, കൈകാര്യം ചെയ്യുന്നതിനോ നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല.

**22. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം**

(1) ഈ ആക്റ്റിലെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി സർക്കാരിന് ഗസറ്റിൽ പരസ്യംമുഖേന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

(2) ഈ ആക്റ്റുപ്രകാരമുണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ യോഗം ചേർന്നിരിക്കുമ്പോൾ അതിൻെറ മുമ്പാകെ ആകെ പതിന്നാലു ദിവസത്തേക്ക്-അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനത്തിലോ പെടാം-വയ്ക്കേണ്ടതും അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ആ ചട്ടം ഒന്നുകിൽ ഭേദഗതി ചെയ്യണമെന്നോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്നോ തീരുമാനിക്കുന്നപക്ഷം, ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ ഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള യാതൊരു ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം നേരത്തേ ചെയ്ത യാതൊന്നിൻേറയും സാധുതയ്ക്ക് ദൂഷ്യം വരുത്താത്ത വിധത്തിലായിരിക്കേണ്ടതുമാകുന്നു.

## FORM I
## (See Rule 3(1) )

### Application for Restoration of Possession or Enjoyment of Immovable Property

Before the Revenue Divisional Officer ..................................................................

Application No. ........................................................................ of 19 .......................

1. Name of Applicant :
2. Full address of the Applicant :
3. If the applicant is not a member of the Scheduled Tribe entitled to reservation name of the member of the Scheduled Tribe on whose behalf the application is made, and his full address. :
4. Name of Scheduled Tribe, to which the applicant and the persons on whose behalf the application is made belong. :
5. Description of the property in relation to which the application is made :
   a. District, Taluk and Village :
   b. Re-survey No. and Sub-division :
   c. Nature of the land (eg.dry single crop,wet, double crop garden etc.) :
   d. Extent in hectares :
   e. Boundaries :
6. Name and full address of the transferee :
7. a. Date on which possession on enjoyment was transferred to the non-tribal person or persons by the member of the Scheduled Tribe. :
   b. Name and address of the present occupant. :

c. If the transferee is not the present occupant then the name and address of the present occupant. :

8. Nature of transfer (eg.sale lease mortgage etc.) :

9. Consideration, if any, actually paid for such transaction. :

10. Was any document executed in relation to this transfer. If, so quote number and office or place at which executed. :

11. Improvement on the land on the date of transfer. :

12. Improvements subsequently made by the transferee. :

13. In the opinion of the applicant the approximate value of these improvements subsequently made. :

Date this the .................................... day of ..................... 19..................

(Signature)

## DECLARATION

I hereby delcare that the particulars stated in columns of the application are true to the best of my knowledge and the particulars stated in columns ........................................................... are based on information which I believe to be true.

(Signature)

# FORM NO.4
# APPLICATION FOR LOAN
## (See Rule 6(2)

1. Name of Applicant :
2. Full Address :
3. Occupation :
4. Annual Income :
5. Details of the landed property restored.
   a. District Taluk and Village :
   b. Re-survey No and subdivision :
   c. Extent in hectares :
   d. Boundaries :
6. Name and address of the person from whom possession or enjoyment has been restored :
7. Date of certificate of execution :
8. Amount of consideration received at the time of transfer. :
9. Value of improvements subsequently effected on the land by the transfer. :
10. Total (Col. 8-9) :
11. Name and address of person to whom compensation has to be paid. :
12. Amount of Compensation :
13. Amount of loan applied for :
14. Number of instalment in which recovery is proposed and the amount of each instalment. :

**DECLARATION**

I hereby declare that the particulars stated above are correct to the best of my knowledge and belief.

Place :
Date :

Signature of the Applicant

## RECOMMENDATION OF THE REVENUE DIVISIONAL OFFICER

Certified that Shri/Smt .............................. residing at .............................. .................................. is a member of the Scheduled Tribe whose landed property measuring hectares in R.S. No. ......................... of ...................... Village in ............................ Taluk was alienated to Shri............................... .............................. in the year ............................ and that the above mentioned landed property has been restored to Shri. ............................... as per the certificate of execution dated ......................... The amount of compensation payable to Sri. .................................................. has been fixed at Rs. ...................... As the applicant is financially incapable of paying the compensation to the transferee an amount of Rs. ..................... may be sanctioned as loan.

Revenue Divisional Officer

# പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ആക്ട് (1989-ലെ 33-ാം നമ്പർ ആക്ട്)

## ഉള്ളടക്കം

1. പ്രാരംഭം
2. അതിക്രമ കുറ്റങ്ങൾ
3. പുറത്താക്കൽ
4. പ്രത്യേക കോടതികൾ
5. പലവക

# പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും
# (അതിക്രമങ്ങൾ തടയൽ) ആക്ട്
# (1989-ലെ 33-ാം നമ്പർ ആക്ട്)

പട്ടികജാതികളിലും പട്ടികഗോത്ര വർഗ്ഗങ്ങളിലുംപെട്ട അംഗങ്ങൾക്കെതിരെ അതിക്രമ കുറ്റങ്ങൾ ചെയ്യുന്നത് തടയുന്നതിനും അത്തരം കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേകകോടതികൾ ഏർപ്പെടുത്തുന്നതിനും അത്തരം കുറ്റങ്ങൾക്കിരയാകുന്നവർക്ക് ആശ്വാസ നടപടികൾക്കും പുനരധിവാസത്തിനും അവയുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്ട്.

ഭാരത റിപ്പബ്ളിക്കിന്റെ നാല്പതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അതിനിയമം ചെയ്തിരിക്കുന്നു.

## അദ്ധ്യായം - 1
## പ്രാരംഭം

**1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും**

എ. ഈ ആക്ടിന് 1989-ലെ പട്ടികജാതികളും പട്ടികഗോത്ര വർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ആക്ട് എന്നു പേർ പറയാം.

ബി. ഇതിന് ജമ്മു കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

സി. ഇത് കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റു വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**2. നിർവ്വചനങ്ങൾ**

(1) ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം

എ. "അതിക്രമം" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ ശിക്ഷാർഹമായ കുറ്റം എന്നർത്ഥമാകുന്നു.

ബി. "നിയമസംഹിത " എന്നാൽ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത എന്നർത്ഥമാകുന്നു.

സി. "പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും" എന്നതിന് ഭാരതത്തിന്റെ ഭരണഘടനയിലെ 366-ാം അനുഛേദം 24-ഉം 25-ഉം ഖണ്ഡങ്ങളിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

ഡി. "സ്പെഷ്യൽ കോടതി" എന്നാൽ സെക്ഷൻ 14-ാം വകുപ്പിൽ ഒരു സ്പെഷ്യൽ കോടതിയായി നിർദ്ദേശിക്കപ്പെട്ട ഒരു സെഷൻസ് കോടതി.

ഇ. "സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടർ" എന്നാൽ സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറായി 15-ാം വകുപ്പിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രോസിക്യൂട്ടറോ അല്ലെങ്കിൽ ആ വകുപ്പിൽ പരാമർശിക്കപ്പെട്ട ഒരു അഭിഭാഷകനോ എന്നർത്ഥമാകുന്നു.

എഫ്. ഈ ആക്ടിൽ ഉപയോഗിക്കുകയും എന്നാൽ നിർവചിക്കാതിരിക്കുകയും നിയമ സംഹിതയിലോ ഭാരതീയ ശിക്ഷാ നിയമസംഹിതയിലോ നിർവചിക്കുകയും ചെയ്തിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അതതു സംഗതിപോലെ നിയമസംഹിതയിലോ അല്ലെങ്കിൽ ഭാരതീയ ശിക്ഷാ നിയമസംഹിതയിലോ അവയ്ക്ക് യഥാക്രമം നൽകിയ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2.) ഏതെങ്കിലും നിയമത്തെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും വ്യവസ്ഥയെയോ പറ്റി ഈ ആക്ടിലുള്ള ഏതെങ്കിലും പരാമർശം അങ്ങനെയുള്ള നിയമമോ അല്ലെങ്കിൽ അങ്ങനെയുള്ള വ്യവസ്ഥയോ പ്രാബല്യത്തിൽ ഇല്ലാത്ത ഒരു പ്രദേശത്തെ സംബന്ധിച്ച് ആ പ്രദേശത്ത് പ്രബല്യത്തിലുള്ള തൽസ്ഥാനീയ നിയമം വല്ലതും ഉണ്ടെങ്കിൽ അതിന്റെ ഒരു പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

## അദ്ധ്യായം - 2
## അതിക്രമ കുറ്റങ്ങൾ

**3. (1) അതിക്രമ കുറ്റങ്ങൾക്കുള്ള ശിക്ഷകൾ**

1. പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോപെട്ട അംഗം അല്ലാത്ത ഏതൊരാളാണോ പട്ടിക ജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരു അംഗത്തെക്കൊണ്ട് ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീറ്റിക്കുന്നതിനോ കുടിപ്പിക്കുന്നതിനോ ബലപ്രയോഗം നടത്തുന്നത്.

2. പട്ടിക ജാതിയിലേയോ, പട്ടികഗോത്ര വർഗ്ഗത്തിലേയോ ഏതെങ്കിലും അംഗത്തിന് ക്ഷതിയോ അപമാനമോ അല്ലെങ്കിൽ അലട്ടലോ ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടെ വിസർജ്യവസ്തുക്കളോ പാഴ്വസ്തുക്കളോ ജന്തുക്കളുടെ ശവശരീരങ്ങളോ മറ്റേതെങ്കിലും നിന്ദ്യമായ സാധനങ്ങളോ അയാളുടെ പരിസരങ്ങളിലോ അയൽപക്കത്തോ കൂട്ടിയിടുക വഴി പ്രവർത്തിക്കുന്നത്.

3. പട്ടികജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരംഗത്തിൻെറ ശരീരത്തിൽ നിന്ന് ബലാൽക്കാരമായി വസ്ത്രങ്ങൾ മാറ്റുകയോ മുഖത്തോ ശരീരത്തിലോ ചായം തേച്ചോ നടത്തുന്നതോ അല്ലെങ്കിൽ മനുഷ്യൻെറ അന്തസ്സിന് ന്യൂനത ഉണ്ടാക്കുന്ന അതേപോലുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നത്.

4. പട്ടികജാതിയിലേയോ പട്ടിക ഗോത്രവർഗ്ഗത്തിലേയോ ഒരംഗത്തിന് ഉടമസ്ഥാവകാശം ഉള്ളതോ കൈമാറി കിട്ടിയതോ അല്ലെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥനാൽ കൈമാറി നൽകുന്നതിനായി വിജ്ഞാപനം ചെയ്തിട്ടുള്ളതോ ആയ ഭൂമി അന്യായമായി കൈവശപ്പെടുത്തുകയോ കൃഷി ചെയ്യുകയോ അയാൾക്ക് കൈമാറ്റം ചെയ്തുകിട്ടിയ ഭൂമി കൈമാറ്റം ചെയ്തെടുക്കുകയോ ചെയ്യുന്നത്.

5. പട്ടിക ജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരംഗത്തിൻെറ ഭൂമിയോ പരിസര പ്രദേശത്തെയോ അയാളുടെ കൈവശത്തുനിന്നും അന്യായമായി നീക്കം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയിന്മേലോ പരിസര പ്രദേശത്തിന്മേലോ ജലത്തിന്മേലോ ഉള്ള അയാളുടെ അവകാശങ്ങൾ അനുഭവിക്കുന്നതിൽ കൈ കടത്തുകയോ ചെയ്യുന്നത്.

6. പട്ടിക ജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരംഗത്തെ പൊതു ആവശ്യത്തിനുവേണ്ടി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിർബന്ധിത സേവനം ഒഴികെ 'ബിഗാർ' അല്ലെങ്കിൽ അതേ രൂപത്തിലുള്ള മറ്റു നിർബന്ധിത തൊഴിലോ അല്ലെങ്കിൽ അടിമപ്പണിയോ ചെയ്യാൻ നിർബന്ധിക്കുകയോ പ്രലോഭിപ്പിക്കുകയോ ചെയ്യുന്നത്.

7. പട്ടിക ജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരംഗത്തെ വോട്ടു ചെയ്യാതിരിക്കുന്നതിനോ ഒരു പ്രത്യേക സ്ഥാനാർത്ഥിക്കു വോട്ടു ചെയ്യുന്നതിനോ അല്ലെങ്കിൽ നിയമം മൂലം വ്യവസ്ഥ ചെയ്തിട്ടുള്ളതോ അല്ലാത്ത വിധത്തിൽ വോട്ടു ചെയ്യുന്നതിനോ വേണ്ടി നിർബന്ധിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്.

8. പട്ടിക ജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരംഗത്തിനെതിരായി വ്യാജമായോ ദുരുദ്ദേശപരമായോ ശല്യപ്പെടുത്തുന്നതോ ആയ വ്യവഹാരമോ ക്രിമിനൽ നടപടികളോ മറ്റു നിയമ നടപടികളോ ആരംഭിക്കുന്നത്.

9. ഏതെങ്കിലും വ്യാജമായതോ നിസ്സാരമായതോ ആയ വിവരം ഏതെങ്കിലും ഉദ്യോഗസ്ഥന് നൽകുകയും അതുവഴി അങ്ങനെയുള്ള ഉദ്യോഗസ്ഥൻെറ നിയമാനുസൃതമായ അധികാരം പട്ടികജാതിയിലേയോ പട്ടികഗോത്രത്തിലേയോ ഒരംഗത്തിന് ക്ഷത യോ അലട്ടോ ഉണ്ടാക്കത്തക്ക വിധം ഉപയോഗിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നത്.

10. പട്ടികജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരംഗത്തെ പൊതുജന ദൃഷ്ടിയിൽപ്പെടുന്ന ഏതെങ്കിലും സ്ഥലത്തുവച്ച് അവഹേളിക്കണം എന്ന ഉദ്ദേശത്തോടുകൂടി കരുതിക്കൂട്ടി അപമാനിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്.

11. പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോ പെടുന്ന ഒരു സ്ത്രീയെ അനാദരിക്കുകയോ മാനഭംഗം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി അവളുടെ നേരെ കൈയ്യേറ്റം നടത്തുകയോ ബലപ്രയോഗം നടത്തുകയോ ചെയ്യുന്നത്.

12. പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോപെട്ട ഒരുസ്ത്രീയുടെ ഹിതത്തെ സ്വാധീനിക്കാവുന്ന സ്ഥാനത്തിരിക്കുന്ന ആൾ മറിച്ചൊരവസ്ഥയിൽ അവൾ സമ്മതിക്കുകയില്ലായിരുന്ന ലൈംഗിക ചൂഷണത്തിന് ആ സ്ഥാനം ഉപയോഗിക്കുന്നത്.

13. പട്ടികജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ അംഗങ്ങൾ സാധാരണയായി ഉപയോഗിച്ചു വരുന്ന നീരുറവയിലേയോ ജലസംഭരണിയിലേയോ മറ്റേതെങ്കിലും ശ്രോതസ്സിലേയോ ജലം അത് സാധാരണയായി ഉപയോഗിക്കുന്ന ആവശ്യങ്ങൾക്ക് അനുയോജ്യത കുറയത്തക്കവിധം മലിനമാക്കുകയോ ദുഷിപ്പിക്കുകയോ ചെയ്യുന്നത്.

14. പട്ടികജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരു അംഗത്തിന് ഒരു പൊതു സങ്കേത സ്ഥലത്തേയ്ക്ക് കടക്കുവാൻ കീഴ്നടപ്പു പ്രകാരമുള്ള ഏതെങ്കിലും അവകാശം നിഷേധിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള അംഗത്തെ പെതുജനങ്ങളിലെ മറ്റ് അംഗങ്ങൾക്കോ അതിന്റെ ഏതെങ്കിലും വിഭാഗത്തിന് ഉപയോഗിക്കുവാനോ പ്രവേശിക്കുവാനോ അവകാശമുള്ള പൊതു സങ്കേതസ്ഥലം ഉപയോഗിക്കുന്നതിൻ നിന്നോ അവിടേയ്ക്ക് പ്രവേശിക്കുന്നതിൽ നിന്നോ അയാളെ തടയത്തക്കവിധം പ്രതിബന്ധപ്പെടുത്തുകയോ ചെയ്യുന്നത്.

15. പട്ടികജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരംഗത്തെ തന്റെ വീടോ ഗ്രാമമോ അല്ലെങ്കിൽ മറ്റ് വാസസ്ഥലമോ വിട്ടുപോകുന്നതിന് നിർബന്ധിക്കുകയോ ഇറക്കിവിടുകയോ ചെയ്യുന്നത് ആറുമാസത്തിൽ കുറയാതെയും അഞ്ചു വർഷം വരെയും ജയിൽവാസവും പിഴയും നൽകി അയാളെ ശിക്ഷിക്കാവുന്നതാണ്.

2. **പട്ടികജാതിയിലേയോ, പട്ടികഗോത്രവർഗ്ഗത്തിലേയോ അംഗമല്ലാത്ത ഒരാൾ -**

(i) വ്യാജമായ തെളിവ് നൽകുകയോ നിർമ്മിക്കുകയോ ചെയ്യുന്നതുവഴി പട്ടികജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഏതെങ്കിലും അംഗത്തിന്റെമേൽ തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമപ്രകാരം മരണശിക്ഷാർഹമായ ഒരു കുറ്റം സ്ഥാപിക്കപ്പെടുവാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഇടയാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ ചെയ്യുന്ന ആൾ ജീവപര്യന്തം തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതും; അങ്ങനെയുള്ള വ്യാജമായ വ്യാജനിർമ്മിതമോ ആയ തെളിവിന്റെ അനന്തരഫലമായി പട്ടികജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ നിരപരാധിയായ ഒരംഗത്തിന്റെമേൽ കുറ്റം സ്ഥാപിക്കപ്പെടുകയും വധശിക്ഷ നടത്തപ്പെടുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള വ്യാജമായ തെളിവ് നൽകുകയോ നിർമ്മിക്കുകയോ ചെയ്യുന്ന ആൾ മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും ;

(ii) വ്യാജമായ തെളിവു നൽകുകയോ നിർമ്മിക്കുകയോ ചെയ്യുന്നതുവഴി പട്ടികജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഏതെങ്കിലും അംഗത്തിന്റെമേൽ മരണശിക്ഷാർഹമല്ലാത്തതും എന്നാൽ ഏഴു വർഷമോ അതിൽ കൂടുതൽ കാലത്തേയ്ക്കോ ഉള്ള തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതുമായ ഒരു കുറ്റം സ്ഥാപിക്കപ്പെടുവാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഇടയാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങിനെ ചെയ്യുന്നത്. ആ ആൾ ആറുമാസത്തിൽ കുറയാത്തതും എന്നാൽ ഏഴുവർഷത്തോളമോ അതിൽ കൂടുതലോ ആകാവുന്ന കാലത്തേയ്ക്ക് തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതും ;

(iii) പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെട്ട ഒരംഗത്തിന്റെ സ്വത്തിന് നാശം വരുത്തണമെന്നുദ്ദേശിച്ചുകൊണ്ടോ നാശം വരുത്താനിടയുണ്ടെന്നറിഞ്ഞുകൊണ്ടോ തീയോ ഏതെങ്കിലും സ്ഫോടകവസ്തുവോ ഉപയോഗിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യുന്നയാൾ 6 - മാസത്തിൽ കുറയാതെയും 7 വർഷം വരെയും ജയിൽ വാസവും പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതും;

(iv) സാധാരണയായി പട്ടികജാതി പട്ടികഗോത്രവർഗ്ഗത്തിൽപെട്ട ഒരംഗം ആരാധനയ്ക്കുപയോഗിക്കുന്ന കെട്ടിടമോ വാസസ്ഥലമോ വസ്തുവകകൾ സൂക്ഷിക്കുന്ന സ്ഥലമോ നശിപ്പിക്കണമെന്നുദ്ദേശിച്ചുകൊണ്ടോ നശിക്കുവാനിടയുണ്ടെന്നറിഞ്ഞുകൊണ്ടോ തീയോ ഏതെങ്കിലും സ്ഫോടകവസ്തുവോ ഉപയോഗിച്ചു നശിപ്പിക്കുന്നു എങ്കിൽ അയാൾ ജീവപര്യന്തം ജയിൽ വാസവും പിഴയും ശിക്ഷിക്കപ്പെടുന്നതും;

(v) പത്തു വർഷത്തേക്കോ അതിൽ കൂടുതൽ കാലത്തേക്കോ തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്ന ഭാരതീയ ശിക്ഷാ നിയമസംഹിത പ്രകാരം ഉള്ള ഏതെങ്കിലും കുറ്റം, ഒരാളിനെതിരായോ അല്ലെങ്കിൽ വസ്തുവിൻമേലോ അയാൾ പട്ടികജാതിയിലേയോ പട്ടികഗോത്ര വർഗ്ഗത്തിലേയോ ഒരംഗമാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തു അങ്ങനെയുള്ള ഒരംഗത്തിന്റേതാണെന്നോ ഉള്ള കാരണത്തിൻമേൽ ചെയ്യുന്നത്. ആ ആൾ ജീവപര്യന്തം തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതും ;

(vi) ഈ അദ്ധ്യായം അനുസരിച്ചുള്ള കുറ്റം ചെയ്തതായി ബോദ്ധ്യപ്പെടുകയോ അങ്ങനെ വിശ്വസിക്കാൻ തക്കകാരണങ്ങൾ ഉണ്ടായിരിക്കുകയോ ചെയ്തിട്ടും കുറ്റക്കാരനെ നിയമപരമായ ശിക്ഷയിൽ നിന്നും സംരക്ഷിക്കത്തക്ക വിധത്തിൽ തെളിവ് നശിപ്പിക്കുകയോ അതേ ഉദ്ദേശത്തോടുകൂടി കുറ്റ കൃത്യത്തെപ്പറ്റി തെറ്റായ വിവരങ്ങൾ അറിഞ്ഞുകൊണ്ടോ, വിശ്വസിച്ചുകൊണ്ടോ നല്കുകയോ ചെയ്യുന്നയാൾ ആ കുറ്റകൃത്യത്തിന് വ്യവസ്ഥചെയ്തിരിക്കുന്ന ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതുമാണ്.

(vii) ഒരു പൊതു സേവകനായിരുന്നുകൊണ്ട് ഈ വകുപ്പനുസരിച്ചുള്ള കുറ്റം ചെയ്താൽ ഒരു വർഷത്തിൽ കുറയാത്തതോ ആ കുറ്റത്തിനു പറഞ്ഞിട്ടുള്ള ശിക്ഷവരെയോ നല്കി ശിക്ഷിക്കപ്പെടുന്നതുമാണ്.

## 4. കൃത്യവിലോപത്തിന് ശിക്ഷ

പൊതു സേവകനായുള്ള പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെട്ട അംഗമല്ലാത്ത ഒരാൾ മനഃപ്പൂർവ്വമായി ഈ ആക്ടനുസരിച്ചുള്ള ചുമതലകളിൽ കൃത്യവിലോപം കാണിച്ചാൽ 6-മാസത്തിൽ കുറയാതെയും ഒരു വർഷം വരെ വർാവുന്നതുമായ ജയിൽവാസത്തിന് ശിക്ഷിക്കാവുന്നതാണ്.

## 5. ആവർത്തിച്ചുള്ള കുറ്റത്തിന് വർദ്ധിച്ച ശിക്ഷ

ഒരു കുറ്റത്തിന് ഈ അദ്ധ്യായം അനുസരിച്ചു മുമ്പൊരിക്കൽ ശിക്ഷിക്കപ്പെട്ടയാളെ രണ്ടാമതൊരിക്കലോ അതിൽ കൂടുതലോ തവണ ശിക്ഷിക്കേണ്ടി വരുമ്പോൾ ഒരു വർഷത്തിൽ കുറയാതെയും എന്നാൽ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയുടെ കാലത്തോളമാകാവുന്നതുമായ ഒരു കാലത്തേയ്ക്ക് തടവു ശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

## 6. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ചില വ്യവസ്ഥകൾ പ്രയോഗിക്കൽ

ഈ ആക്ടിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ഇൻഡ്യൻ ശിക്ഷാനിയമം വകുപ്പ് 34 അദ്ധ്യായം III, IV, V, VA വകുപ്പ് 149, അദ്ധ്യായം XXIIIഎന്നിവ അതേ പ്രകാരത്തിൽ പ്രസക്തമായിടത്തോളവും ഈ ആക്ടിലെ കാര്യങ്ങൾക്കും ബാധകമാണ്.

## 7. ചില വ്യക്തികളുടെ സ്വത്ത് കണ്ടുകെട്ടൽ

(i) ഈ അദ്ധ്യായം അനുസരിച്ച് ശിക്ഷിക്കാവുന്ന കുറ്റത്തിന് ഏതെങ്കിലും വ്യക്തികളെ കുറ്റവാളിയാക്കുമ്പോൾ ഏതെങ്കിലും ശിക്ഷ നല്കുന്നതിന് പുറമേ സ്പെഷ്യൽ കോടതിക്ക് രേഖാ മൂലമുള്ള ഉത്തരവിലൂടെ കൃത്യത്തിനുപയോഗിച്ച ആളുടെ സ്ഥാവര ജംഗമ സ്വത്തുക്കൾ ഏതെങ്കിലുമോ എല്ലാം കൂടിയോ സർക്കാരിലേക്കു കണ്ടുകെട്ടിയിരിക്കുന്നതായി പ്രഖ്യാപിക്കാവുന്നതാണ്.

(ii) ഈ അദ്ധ്യായം അനുസരിച്ചുള്ള കുറ്റം ആരോപിക്കപ്പെട്ടയാളിനെ വിചാരണ ചെയ്യുന്ന സ്പെഷ്യൽ കോടതിക്ക് വിചാരണയിലിരിക്കവേ അയാളുടെ ഏതെങ്കിലുമോ എല്ലാമോ ആയ സ്ഥാവരമോ ജംഗമമോ രണ്ടും കൂടിയോ ആയ സ്വത്തുക്കൾ ജപ്തി ചെയ്തിട്ടുള്ളതായി ഉത്തരവു പുറപ്പെടുവിക്കുന്നതിനും വിചാരണയ്ക്കു ശേഷം കുറ്റം തെളിയുന്നെങ്കിൽ ജപ്തി ചെയ്തിട്ടിരിക്കുന്ന സ്വത്ത് ഈ അദ്ധ്യായം അനുസരിച്ച് ഈടായി വരേണ്ട പിഴക്ക് വേണ്ടി വരുന്നിടത്തോളം കണ്ടുകെട്ടാവുന്നതുമാണ്.

## 8. കുറ്റങ്ങളെ സംബന്ധിച്ച അനുമാനം

ഈ അദ്ധ്യായത്തിലെ കുറ്റങ്ങളെ സംബന്ധിച്ച വ്യവഹാരത്തിൽ ഇങ്ങനെ തെളിയിക്കപ്പെട്ടാൽ ......

(എ) ഈ അദ്ധ്യായ പ്രകാരം ഏതെങ്കിലും കുറ്റം ചെയ്തതായി ന്യായമായും സംശയിക്കപ്പെടുകയോ കുറ്റം ആരോപിക്കപ്പെടുകയോ ചെയ്ത ആളിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് ബോധ്യപ്പെടുകയോ ചെയ്താൽ മറിച്ചു തെളിയിക്കപ്പെടുന്നില്ലെങ്കിൽ ആ കുറ്റത്തിന് പ്രേരണ ചെയ്തതായി സ്പെഷ്യൽ കോടതി അനുമാനിക്കേണ്ടതാണ്.

(ബി) ഈ അദ്ധ്യായപ്രകാരം ഒരു കൂട്ടം ആളുകൾ ഒരു കുറ്റം ചെയ്യുന്നു എങ്കിൽ ഭൂമിയെ സംബന്ധിച്ചോ മറ്റെന്തെങ്കിലും തരത്തിലുള്ളതോ ആയ നിലവിലുള്ള തർക്കങ്ങളുടെ തുടർച്ചയെന്ന നിലയിലാണ് കുറ്റം ചെയ്തതെന്നു തെളിയിക്കപ്പെട്ടാൽ പൊതുവായ ഉദ്ദേശമോ താല്പര്യ പ്രകാരമോ നേടുന്നതിനു വേണ്ടി പ്രസ്തുത കുറ്റം ചെയ്തു എന്ന് അനുമാനിക്കേണ്ടതാണ്.

## 9. അധികാരങ്ങൾ കല്പിച്ചു നൽകൽ

നിയമസംഹിതയിലോ ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥയിലോ എന്തു പറഞ്ഞിരുന്നാൽ തന്നെയും സംസ്ഥാന സർക്കാർ അങ്ങനെ ചെയ്യുന്നത് ആവശ്യവും നടപ്പു മാർഗ്ഗവുമെന്ന് കരുതുന്നുവെങ്കിൽ .....

(എ) ഈ ആക്ടനുസരിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനോ നേരിടുന്നതിനോ; അല്ലെങ്കിൽ

(ബി) ഈ ആക്ടനുസരിച്ചുള്ള ഏതെങ്കിലും വ്യവഹാരത്തിനോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗം ഗ്രൂപ്പ് വ്യവഹാരങ്ങൾക്കോ വേണ്ടി ഏതെങ്കിലും ജില്ലയ്ക്കോ അതിൻെറ ഭാഗത്തിനോ ആയി ഔദ്യോഗിക ഗസറ്റിൽ പരസ്യപ്പെടുത്തിക്കൊണ്ടു് ഏതെങ്കിലും സംസ്ഥാന സർക്കാർ അധികാരിക്ക്, കോഡനുസ

രിച്ച് ഏതെങ്കിലും പോലീസ് അധികാരി കൈകാര്യം ചെയ്യാവുന്ന അധികാരങ്ങൾ, അങ്ങനെയുള്ള ജില്ലക്കോ അതിന്റെ ഭാഗത്തിനോ ഏതെങ്കിലും കേസിനോ, ഇനമോ, വിഭാഗമോ കേസുകൾക്കോ ആയി പ്രത്യേകിച്ചും വ്യക്തികളെ അറസ്റ്റു ചെയ്യാനും അന്വേഷണത്തിനും സ്പെഷ്യൽ കോടതികളിലൂടെ മേൽ നടപടികൾക്കും കല്പിച്ചു നല്കാം.

(2) ഈ ആക്ടിലെ വ്യവസ്ഥകളോ ഏതെങ്കിലും ചട്ടങ്ങളോ പദ്ധതികളോ ഉത്തരവുകളോ നടപ്പാക്കുന്നതിന് ഉപവകുപ്പ് (1) - ൽ പറയുന്ന ഉദ്യോഗസ്ഥനെ പോലീസിലെയും സർക്കാരിലെയും എല്ലാ ഉദ്യോഗസ്ഥന്മാരും സഹായിക്കേണ്ടതാകുന്നു.

(3) ഉപവകുപ്പ് (1) അനുസരിച്ചുള്ള ഓഫീസർ അധികാരങ്ങളുപയോഗിക്കുന്നത് പ്രസക്തമാവുന്നിടത്തോളം നിയമസംഹിതയിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാകണം.

## അദ്ധ്യായം - 3
## പുറത്താക്കൽ

**10. കുറ്റം ചെയ്യാനിടയുള്ളവരെ നീക്കം ചെയ്യൽ**

(1) ഭരണഘടന 244 അനുഛേദം അനുസരിച്ചുള്ള ഷെഡ്യൂൾഡ് ഏരിയായോ ട്രൈബൽ ഏരിയായോ ഉൾപ്പെടെ ഏതെങ്കിലും പ്രദേശത്ത് ഒരു വ്യക്തി ഈ ആക്ടിലെ രണ്ടാം അദ്ധ്യായം അനുസരിച്ചുള്ള കുറ്റം ചെയ്യാനിടയുണ്ടെന്ന് പരാതിയുടെയോ പോലീസ് റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിൽ സ്പെഷ്യൽ കോടതിയ്ക്ക് ബോദ്ധ്യം വരുന്ന പക്ഷം രേഖാമൂലമായ ഉത്തരവിലൂടെ ആ പ്രദേശത്തിന പ്പുറം ഉത്തരവിൽ പറയുന്ന വഴിയിലൂടെയും സമയത്തിനുള്ളിലും കടന്നുകൊള്ളുന്നതിന് നിർദ്ദേശിക്കാവുന്നതും രണ്ടുവർഷത്തിൽ കവിയാതെയുള്ള കാലത്തേക്ക് മടങ്ങി വന്നുകൂടാ എന്നും നിർദ്ദേശിക്കാവുന്നതാണ്.

(2) സ്പെഷ്യൽ കോടതി ഉപവകുപ്പ് (1) അനുസരിച്ചുള്ള ഉത്തരവിനോടൊപ്പം ആ ഉത്തരവിലൂടെ നിർദ്ദേശിക്കുന്നയാളിനെ ഉത്തരവ് ഉണ്ടായതിന്റെ കാരണങ്ങളും അറിയിച്ചിരിക്കണം.

(3) സ്പെഷ്യൽ കോടതിക്ക് ഉത്തരവ് പുറപ്പെടുവിച്ച് മുപ്പതു ദിവസത്തനകം ആർക്കെതിരെയാണോ ഉത്തരവ് അയാളോ അയാൾക്കു വേണ്ടി മറ്റാരെങ്കിലുമോ നല്കുന്ന അപേക്ഷയിൻമേൽ എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളിന്മേൽ ഒന്നാം ഉപവകുപ്പനുസരിച്ചുള്ള ഉത്തരവ് പിൻവലിക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

**11. സ്വയം പുറത്തു പോകാതിരിക്കുകയോ തിരികെ വരികയോ ചെയ്താൽ നടപടി**

(1) വകുപ്പ് 10 അനുസരിച്ച് ഏതെങ്കിലും ഒരു പ്രദേശത്തു നിന്നും ഒഴിഞ്ഞു പോകാൻ ഉത്തരവു കിട്ടിയ ആൾ സ്പെഷ്യൽ കോടതിയുടെ (2) -ാം ഉപവകുപ്പ് പ്രകാരമുള്ള ലിഖിതമായ അനുവാദത്തോടുകൂടിയല്ലാതെ ;

എ. നിർദ്ദേശിക്കപ്പെട്ടപോലെ സ്വയം ഒഴിഞ്ഞു പോകാതിരിക്കുകയോ ;

ബി. അല്ലെങ്കിൽ സ്വയം ഒഴിഞ്ഞു പോയശേഷം ഉത്തരവിൽ പറയുന്ന കാലയളവിന് മുമ്പ് തിരികെ പ്രവേശിക്കുകയോചെയ്യുന്ന പക്ഷംരണ്ടാം ഉപവകുപ്പിൻ പ്രകാരം സ്പെഷ്യൽ കോടതി അനുമതിയോടെയല്ല അങ്ങനെ ചെയ്യുന്നതെങ്കിൽ, സ്പെഷ്യൽ കോടതിക്ക് അയാളെഅറസ്റ്റ് ചെയ്യിപ്പിച്ച് പോലീസ് കസ്റ്റഡിയിൽ വച്ച് ആ പ്രദേശത്തുനിന്നും അയാളെനീക്കം ചെയ്യാവുന്നതാണ്.

(2) സ്പെഷ്യൽ കോടതിക്ക് വകുപ്പ് 10 അനുസരിച്ചുള്ള ഒരുത്തരവ് നിലവിലുള്ള ആളിനെ രേഖാമൂലമായ ഉത്തരവിലൂടെ ഒഴിഞ്ഞു പോകാൻ നിർദ്ദേശിക്കപ്പെട്ടിരുന്ന സ്ഥലത്തേയ്ക്ക് തൽക്കാല കാലയളവിലേയ്ക്ക് ടി ഉത്തരവിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മടങ്ങിവരുന്നതിനു അനുവദിക്കാവുന്നതും വ്യവസ്ഥകൾ ശരിയായി പാലിക്കുന്നതിന് ജാമ്യക്കാരുടേയോ അല്ലാതെയോ ബോണ്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതുമാകുന്നു.

(3) അങ്ങനെയുള്ള അനുമതി സ്പെഷ്യൽ കോടതിയ്ക്ക് ഏതു സമയത്തും പിൻവലിക്കാവുന്നതാണ്.

(4) അങ്ങനെയുള്ള അനുമതിയോടെ ഒഴിഞ്ഞു പോകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്തേയ്ക്ക് മടങ്ങി വരുന്നയാൾ അനുശാസിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതും മടങ്ങിവരുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള താല്കാലിക കാലയളവ് തീരുന്ന മുറയ്ക്കോ, തല്കാല കാലയളവ് തീരുന്നതിന് മുൻപ് പിൻവലിക്കപ്പെടുന്നുവെങ്കിൽ അപ്പോഴോ പ്രസ്തുത പ്രദേശത്തിന് വെളിയിൽ സ്വയം ഒഴിഞ്ഞു പോകേണ്ടതും വകുപ്പ് 10-ലെ ഉത്തരവിന്റെ ബാക്കി വരുന്ന കാലയളവിലേയ്ക്ക് പുതിയ ഉത്തരവ് ഇല്ലാതെ മടങ്ങിവരാൻ പാടില്ലാത്തതുമാകുന്നു.

(5) വ്യവസ്ഥകൾ പാലിക്കാത്തതോ നിർദ്ദേശിക്കപ്പെട്ടപോലെ ഒഴിഞ്ഞുപോകാത്തതോ ഒഴിഞ്ഞു പോയ ശേഷം പുതിയൊരുത്തരവില്ലാതെ അങ്ങനെയുള്ള പ്രദേശത്തേക്ക് വീണ്ടും മടങ്ങി വരുകയോ ചെയ്യുന്നയാളെ അറസ്റ്റു ചെയ്യിച്ചു പോലീസ് കസ്റ്റഡിയിൽ തന്നെ ആ പ്രദേശത്തിന് പുറത്ത് ഉള്ള സ്പെഷ്യൽ കോടതി നിർദ്ദേശിക്കുന്ന സ്ഥലത്തേക്ക് നീക്കം ചെയ്യുന്നതാകുന്നു.

**12. വകുപ്പ് 10 അനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിരിക്കുന്നയാളിന്റെ അളവും ഫോട്ടോകളും മറ്റും എടുക്കുന്നത്**

(1) വകുപ്പ് 10 അനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രത്യേക കോടതി അങ്ങനെ നിർദ്ദേശിക്കുന്നു എങ്കിൽ പോലീസ് ഓഫീസർ അയാളുടെ അളവുകളും ഫോട്ടോകളും എടുക്കുന്നതിന് അനുവദിക്കണം.

(2) ഒന്നാം ഉപ വകുപ്പിൽ പറയുന്ന ഏതെങ്കിലും വ്യക്തി അളവുകളും ഫോട്ടോകളും എടുക്കുന്നത് അനുവദിക്കേണ്ടപ്പോൾ അളവുകളും ഫോട്ടോകളും എടുക്കുന്നതിന് അനുവദിക്കാൻ വിസമ്മതിക്കുകയോ എതിർക്കുകയോ ചെയ്യുന്നു എങ്കിൽ അവ എടുത്തു കിട്ടാൻ ആവശ്യമായ മാർഗ്ഗങ്ങളെല്ലാം ഉപയോഗിക്കുന്നതു നിയമപരമായിരിക്കും.

(3) രണ്ടാം ഉപ വകുപ്പ് അനുസരിച്ച് അളവുകളും ഫോട്ടോകളും എടുക്കുന്നത് അനുവദിക്കാൻ വിസമ്മതിക്കുകയോ എതിർക്കുകയോ ചെയ്യുന്നത് ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 186-ാം വകുപ്പ് അനുസരിച്ചുള്ള കുറ്റമായി കണക്കാക്കപ്പെടും.

(4) വകുപ്പ് 10 അനുസരിച്ചുള്ള ഒരുത്തരവ് റദ്ദാക്കപ്പെടുമ്പോൾ രണ്ടാം ഉപവകുപ്പ് അനുസരിച്ച് എടുത്തിട്ടുള്ള നെഗറ്റീവുകൾ ഉൾപ്പെടെ എല്ലാ അളവുകളും ഫോട്ടോകളും നശിപ്പിക്കുകയോ അല്ലെങ്കിൽ ഏതൊരാളിനെതിരായാണോ ആ ഉത്തരവ് പുറപ്പെടുവിച്ചത് അയാൾക്ക് തിരിച്ചു നൽകുകയോ ചെയ്യണം.

**13. വകുപ്പ് 10 അനുസരിച്ചുള്ള ഉത്തരവ് നടപ്പാക്കാത്തതിന് പിഴ**

സ്പെഷ്യൽ കോർട്ടിന്റെ വകുപ്പ് 10 അനസരിച്ചുള്ള ഒരുത്തരവിനെ നിരാകരിക്കുന്നയാളെ ഒരു വർഷം വരെ ജയിൽവാസവും പിഴയും ശിക്ഷിക്കാം.

## അദ്ധ്യായം - 4
## പ്രത്യേക കോടതികൾ

**14. സ്പെഷ്യൽ കോടതി**

വിചാരണ ത്വരിതപ്പെടുത്തുന്നതിലേയ്ക്ക് സംസ്ഥാന ഗവൺമെന്റിന് ഹൈക്കോടതിയുടെ അംഗീകാരത്തോടെ, ഗസറ്റിൽ വിജ്ഞാപനം ചെയ്തുകൊണ്ട് ഓരോ ഡിസ്ട്രിക്ടിലും ഒരു സെഷൻസ് കോടതിയെ ഈ ആക്ടനുസരിച്ചുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്ന പ്രത്യേക കോടതിയായി പ്രഖ്യാപിക്കേണ്ടതാണ്.

**15. സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടർ**

സംസ്ഥാന ഗവൺമെന്റിന് ഗസറ്റിൽ വിജ്ഞാപനം ചെയ്തു കൊണ്ട്, ഓരോ സ്പെഷ്യൽ കോടതിക്കുമാ ഒരു പബ്ളിക് പ്രോസിക്യൂട്ടറെ നിർദ്ദേശിക്കുകയോ അല്ലെങ്കിൽ 7 വർഷത്തിൽ കുറയാത്ത കാലം അഭിഭാഷക പരിചയമുള്ളയാളെ ആ കോടതിയിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറായി നിയമിക്കുകയോ ചെയ്യാം.

## അദ്ധ്യായം - 5
## പലവക

**16. കൂട്ടപ്പിഴ ചുമത്താൻ സംസ്ഥാന സർക്കാരിന് അധികാരം**

ഈ ആക്ട് പ്രകാരം കൂട്ടപ്പിഴ ചുമത്തുന്നതും പിരിക്കുന്നതും അതുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും 1955 - ലെ പൗരാവകാശ സംരക്ഷണ നിയമം, വകുപ്പ് 10 - എ യിലെ വ്യവസ്ഥകൾ പ്രകാരമാകണം.

**17. ക്രമസമാധാന സംവിധാനം സ്വീകരിക്കേണ്ട കരുതൽ നടപടികൾ**

(1) ഒരു ജില്ലാ മജിസ്ട്രേറ്റോ സബ് ഡിവിഷണൽ മജിസ്ട്രേറ്റോ, മറ്റേതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റോ ഡി.വൈ.എസ്.പി.ക്കു താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഓഫീസറോ വിവരം കിട്ടുകയും യുക്തമായ അന്വേഷണങ്ങൾക്കു ശേഷം അയാളുടെ പ്രദേശാധികാരാതിർത്തിയിൽ താമസിക്കുകയോ കണ്ടു വരുകയോ ചെയ്യുന്ന പട്ടിക ജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടാത്ത ഒരാളോ ഒരു വിഭാഗം ആളുകളോ ഈ ആക്ടനുസരിച്ചുള്ള ഒരു കുറ്റം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയോ, കുറ്റം ചെയ്യാനിടയുണ്ടെന്ന് വിശ്വസിക്കത്തക്ക കാരണങ്ങൾ ഉണ്ടാവുകയോ, നടപടികളെടുക്കാൻ മതിയായ കാരണങ്ങളുണ്ടെന്നഭിപ്രായമുണ്ടെങ്കിലോ ആ പ്രദേശത്തെ അതിക്രമ സാദ്ധ്യതയുള്ള പ്രദേശമായി പ്രഖ്യാപിക്കുകയും സമാധാനവും നല്ല പെരുമാറ്റവും, ശാന്തിയും സാധാരണ ജീവിത ക്രമവും പുലർത്താനുള്ള നടപടികളെടുക്കുകയും കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

(2) ഒന്നാം ഉപവകുപ്പിലെ കാര്യങ്ങൾക്ക് നിയമസംഹിതയിലെ അദ്ധ്യായം VIII, X, XI എന്നിവയിലെ വ്യവസ്ഥകൾ പ്രസക്തമായിടത്തോളം ബാധകമാണ്.

(3) സംസ്ഥാന ഗവൺമെൻറിന് ഗസറ്റു വിജ്ഞാപനത്തിലൂടെ ഒന്നാം ഉപ വകുപ്പിൽ പറയുന്ന ഉദ്യോഗസ്ഥന്മാർക്ക് അതിക്രമങ്ങൾ തടയുന്നതിനും പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും പെട്ട അംഗങ്ങൾക്ക് സുരക്ഷിതത്വ ബോധം വീണ്ടെടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ട വിധവും സംവിധാനവും അടങ്ങുന്ന ഒന്നോ ഒന്നിൽ കൂടുതലോ സ്കീമുകൾ ഉണ്ടാക്കാവുന്നതും അങ്ങനെയുള്ള സ്കീമോ സ്കീമുകളോ അനുസരിച്ചു അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**18.** ഈ ആക്ടനുസരിച്ചുള്ള കുറ്റം ചെയ്യുന്നയാളിന് നിയമസംഹിതയിലെ 438-ാം വകുപ്പ് ബാധകമല്ല, ഈ ആക്ടനുസരിച്ചുള്ള ഒരു കുറ്റം ചെയ്തെന്ന ആരോപണത്തിൻമേലുള്ള കേസ് അറസ്റ്റുമായി ബന്ധപ്പെടുത്തി നിയമസംഹിതയിലെ 438-ാം വകുപ്പിലെ ഒന്നും തന്നെ ബാധകമല്ല.

**19.** നിയമസംഹിതയിലെ 360-ാം വകുപ്പോ പ്രൊബേഷൻ ഓഫ് ഒഫണ്ടേഴ്സ് ആക്ടോ, ഈ ആക്ടനുസരിച്ച് കുറ്റം ചെയ്തിട്ടുള്ളതായി കാണപ്പെട്ട പതിനെട്ട് വയസ്സിൽ കവിഞ്ഞ പ്രായമുള്ള ഏതൊരാൾക്കും ബാധകമല്ല.

**20. ആക്ട് മറ്റു നിയമങ്ങളെ മറികടക്കുന്നു**

ഈ ആക്ടിൽ മറിച്ചു പറയുന്നില്ലെങ്കിൽ നിലവിലുള്ള മറ്റേതൊരു നിയമത്തിലും ആചാരത്തിലും കീഴ്വഴക്കത്തിലും ഏതൊരു നിയമപ്രകാരമുള്ള കാരണത്തിലും ഈ ആക്ടിന് വിരുദ്ധമായി എന്തു തന്നെ പറഞ്ഞിരുന്നാൽതന്നെയും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രാബല്യത്തിലുണ്ടാവും.

**21. ആക്ട് ഫലപ്രദമായി നടപ്പാക്കുന്നത് ഉറപ്പു വരുത്താൻ ഗവൺമെൻറിനുള്ള ബാദ്ധ്യത**

(1) ഈ ആവശ്യത്തിന് കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കുന്ന ചട്ടങ്ങൾക്കു വിധേയമായി ഈ ആക്ട് ഊർജിതമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെൻറ് കൈക്കൊള്ളണം.

(2) പ്രത്യേകിച്ചും മുകളിൽ പൊതുവായി പറയുന്ന വ്യവസ്ഥകൾക്ക് വിഘാതമാകാതെ ഇങ്ങനെയുള്ള നടപടികളിൽ ഉൾക്കൊള്ളാം.

(i) അതിക്രമത്തിന് വിധേയനായ വ്യക്തിക്ക് നീതിലഭിക്കുന്നതിന് കഴിയുന്ന വിധത്തിൽ നിയമസഹായം ഉൾപ്പെടെ മതിയായ സൗകര്യങ്ങൾക്കുള്ള വ്യവസ്ഥകൾ.

(ii) അതിക്രമത്തിന് വിധേയരായ വ്യക്തികൾ ഉൾപ്പെടെയുള്ള സാക്ഷികൾക്ക് ഈ ആക്ടനുസരിച്ചുള്ള കുറ്റങ്ങളുടെ അന്വേഷണം വിചാരണ എന്നിവയക്ക് വാഹനച്ചെലവും സംരക്ഷണ ചെലവും സംബന്ധിച്ച വ്യവസ്ഥകൾ

(iii) അതിക്രമങ്ങൾക്കിരയായവരെ സാമ്പത്തികമായും സാമൂഹ്യമായും പുനരധിവസിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ.

(iv) ഈ ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്നതിൽ മേൽ നടപടി തുടങ്ങുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനും ഉദ്യോഗസ്ഥരെ നിയമിക്കൽ.

(v) അത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിനോ രൂപപ്പെടുത്തുന്നതിനോ സഹായകമായി ഗവൺമെൻറ് യുക്തമായി കരുതുന്ന അനുയോജ്യമായ തലങ്ങളിൽ കമ്മറ്റികൾ രൂപീകരിയ്ക്കൽ.

(vi) കാലാകാലങ്ങളിൽ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലെ പുരോഗതി വിലയി

രുത്തുന്ന സ്ഥിതി വിവരങ്ങളും മെച്ചപ്പെട്ട നിലയിൽ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ നിർദ്ദേശിക്കുന്നതിനും ഉള്ള വ്യവസ്ഥകൾ .

(vii) പട്ടികജാതി പട്ടികഗോത്രവർഗ്ഗാംഗങ്ങൾ അതിക്രമങ്ങൾക്ക് ഇരയാക്കപ്പെടാനിടയുള്ള പ്രദേശങ്ങൾ തിട്ടപ്പെടുത്തുന്നതിനും അങ്ങനെയുള്ള അംഗങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കലും

(3) ഒന്നാം ഉപവകുപ്പ് അനുസരിച്ച്-സംസ്ഥാന ഗവൺമെൻറുകൾ എടുക്കുന്ന നടപടികളെ കൂട്ടിയിണക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാർ കൈക്കൊള്ളേണ്ടതാണ്.

(4) ഈ ആക്ടിലെ വ്യവസ്ഥകൾ ഫലവത്താകാൻ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ഓരോ വർഷവും പാർലമെൻറിൻെറ ഓരോ സഭയുടേയും മേശപ്പുറത്തു കേന്ദ്ര ഗവൺമെൻറ് വയ്ക്കണം.

**22. ഉത്തമ വിശ്വാസത്തിൽ ചെയ്തിട്ടുള്ള നടപടിക്കു സംരക്ഷണം**

കേന്ദ്ര സാർക്കാറിനോ സംസ്ഥാന സർക്കാരിനോ ഗവഃ ഉദ്യോഗസ്ഥന്മാർക്കോ മറ്റേതെങ്കിലും വ്യക്തിക്കോ എതിരെ അവർ ഈ ആക്ടനുസരിച്ചു ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ കാര്യങ്ങളിൽ ഹർജിയോ പ്രോസിക്യൂഷനോ മറ്റേതെങ്കിലും തരത്തിലുള്ള കോടതി നടപടികളോ നിലനില്കില്ല.

**23. ചട്ടങ്ങൾ രൂപീകരിക്കാനുള്ള അധികാരം**

(1) ഈ ആക്ടനുസരിച്ചുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാം.

(2) ഈ ആക്ടനുസരിച്ച് ഉണ്ടാക്കിയ ഓരോ ചട്ടവും തൊട്ടടുത്തു ചേരുന്ന പാർലമെൻറിൻെറ ഓരോ സഭയുടേയും മേശപ്പുറത്തു വയ്ക്കേണ്ടതും ഒന്നോ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലായി സമ്മേളിച്ച ആകെ വരുന്ന മുപ്പതു ദിവസത്തിനുള്ളിൽ ഇരു സഭകളും ചട്ടങ്ങൾ ഭേദഗതി ചെയ്യുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ അതേ തുടർന്ന് ഭേദഗതികളും തള്ളിക്കളയലും പ്രാബല്യത്തിൽ വരുന്നതും, എന്നാൽ അതിനു മുമ്പു ചട്ടങ്ങൾ അനുസരിച്ച് നടപ്പാക്കിയിട്ടുള്ള ഒന്നിനെയും പ്രതികൂലമായി ബാധിക്കാത്തതുമാകുന്നു.

Printed at SB Press, Statue, Trivandrum - 1